# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2034** **22/01/2014-ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അഡാക്കിന് അനുവദിച്ച തുക**

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പതിമൂന്നാം ധനകാര്യ കമ്മീഷനിലൂടെ അഡാക്കിന് അനുവദിച്ചിരുന്ന 19.70 കോടി രൂപയുടെ പദ്ധതിയിൽ ഏതൊക്കെ പദ്ധതികൾ എവിടെയൊക്കെ നടപ്പിലാക്കിയെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;<br>(ബി) പാടശേഖര/മത്സ്യ, ആറ്റുകൊഞ്ച് കൃഷി, കൃത്രിമ വളപ്പുകളിലെ മത്സ്യകൃഷി, കുട്ടനാടൻ കായലുകളിലെ കൂടുകളുടെ മത്സ്യകൃഷി എന്നിവയുടെ ഗുണഭോക്താക്കളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) യും (ബി) യും | വിശദമായ റിപ്പോർട്ട് അനുബന്ധം ഒന്നും രണ്ടും ആയി ഉൾപ്പെടുത്തുന്നു. |
| (സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രകാരം ഫിർമയ്ക്ക് അനുവദിച്ചിരിക്കുന്ന രണ്ട് മത്സ്യസങ്കേതങ്ങൾ കുട്ടനാട്ടിൽ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ജലാശയം നിർദ്ദേശിക്കുന്നതിന് കുട്ടനാട് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളോടും ആവശ്യപ്പെട്ടതിൽ നെടുമുടി, തലയാഴം, പട്ടണക്കാട്, കുമരകം, നീലംപേരൂർ എന്നീ പഞ്ചായത്തുകളിൽ നിന്ന് മറുപടി ലഭിച്ചു. സാങ്കേതിക സർവ്വെ നടത്തി അനുയോജ്യമായ പ്രദേശം ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കോട്ടയം ജില്ലയിലെ കുമരകം എന്നീ പഞ്ചായത്തുകളിൽ ഉണ്ടെന്ന് കണ്ടെത്തുകയുണ്ടായി. പഞ്ചായത്തിന്റെ അനുമതിയോടെ ആലപ്പുഴ ജില്ലയിലെ നീലം പേരൂർ പഞ്ചായത്ത് ഒന്നാം വാർഡ്, ബുധനാട്ട് ഏരിയായിലും, കോട്ടയം ജില്ലയിലെ കുമരകം ഒന്നാം വാർഡ് ആശാൻമറ്റം കോളനി എന്ന പ്രദേശത്തും സാങ്ചറി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സാങ്ചറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഫിർമ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**